## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 407 — 11.06.2013 -ൽ മറുപടിക്ക്

### കെ. എസ്. ആർ. ടി. സിയുടെ ബാധ്യത

**ചോദ്യം**

ശ്രീ. എം. ഉമ്മർ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. റ്റി. ഡി. എഫ്. സി. പ്രവർത്തനം ആരംഭിക്കുമ്പോൾ എത്ര കോടി രൂപയാണ് ആസ്തിയായി ഉണ്ടായിരുന്നത് ; നിലവിൽ കെ.റ്റി. ഡി.എഫ്.സി.-യുടെ ആസ്തി എത്ര; വായ്പകൾക്ക് കെ. റ്റി. ഡി. എഫ്. സി. എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്; | (എ) | കെ.ടി.ഡി.എഫ്.സി. പ്രവർത്തനം ആരംഭിക്കുമ്പോൾ 98.54 ലക്ഷം രൂപയുടെയും 31.03.2010 ലെ ആഡിറ്റ് ചെയ്ത കണക്ക് പ്രകാരം 68,790.65 ലക്ഷം രൂപയുടെയും ആസ്തിയുണ്ട്. നിലവിൽ വായ്പ അനുവദിക്കുന്ന പലിശ നിരക്ക് 14.5% മുതൽ 16.5% വരെ ആണ്. |
| (ബി) | കെ. എസ്. ആർ. ടി. സി.-ക്ക് കെ. റ്റി. ഡി. എഫ്. സി.-യിൽ എന്ത് തുകയുടെ ബാധ്യതയുണ്ട് ; പലിശ നിരക്ക് എത്രയാണ് ; പ്രതിമാസം എത്ര രൂപ പലിശയിനത്തിൽ ഈടാക്കുന്നു ; മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ കെ. എസ്. ആർ. ടി. സി. പ്രതിമാസം എത്ര രൂപ വായ്പയിനത്തിൽ ഒടുക്കുന്നുണ്ട് ; | (ബി) | 31.05.2013-ലെ കണക്കു പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് കെ.റ്റി.ഡി. എഫ്.സി. യിൽ 1111.78 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. നിലവിലുള്ള പലിശ നിരക്ക് 14.5% ആണ് 2013 മെയ് മാസത്തേക്ക് പലിശയിനത്തിൽ കെ.എസ്. ആർ.ടി.സി.യിൽ നിന്നും 13,38,81,394/- രൂപ കെ.റ്റി.ഡി.എഫ്.സി ഈടാക്കിയിട്ടുണ്ട്. ഇതുകൂടാതെ, പ്രതിമാസം വായ്പയുടെ തിരിച്ചടവ് ഇനത്തിൽ ഹഡ്കോയ്ക്ക് 4.53 കോടി രൂപയും നൽകി വരുന്നുണ്ട്. LIC-യിൽ നിന്നും എടുത്ത വയ്പയുടെ തിരിച്ചടവ് അർദ്ധവാർഷിക തവണകളായാണ് ഒടുക്കി വരുന്നത്. ഈയിനത്തിൽ പ്രതിവർഷം 14 കോടി രൂപ കോർപ്പറേഷൻ നൽകി വരുന്നുണ്ട്. |

(സി) കെ. എസ്. ആർ. ടി. സി. ഒഴികെ മറ്റേതെല്ലാം സ്ഥാപനങ്ങൾക്ക് കെ. റ്റി. ഡി. എഫ്. സി. വായ്പ നല്കിയിട്ടുണ്ട്; പ്രസ്തുത വായ്പ കൾക്ക് എത്ര ശതമാനം പലിശ യാണ് ഈടാക്കുന്നത് ?

(സി) നിലവിൽ താഴെപറയുന്ന സ്ഥാപന ങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി വായ്പ നല്കിയിട്ടുണ്ട്.

1. ക്രഡൻസ് ഹോസ്പിറ്റൽ
2. പാരാമൗണ്ട് ഫോട്ടോഗ്രാഫേഴ്സ്
3. പവർ ലിങ്ക് ബിൽഡേഴ്സ്
4. സീതാരുക്മിണി ബിൽഡേഴ്സ്
5. സൗപർണ്ണിക പ്രോജക്ട്സ്
6. മരക്കാർ പ്ലാന്റേഷൻസ്
7. ഓഷ്യാനസ് ഡ്വെല്ലിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ്
8. ഗ്രാൻടെക്ക് ബിൽഡേഴ്സ്
9. മിറബെല്ല ബിൽഡേഴ്സ്
10. മൂകാംബിക ബിൽഡേഴ്സ്
11. വൈഗ ഗാർഡൻസ്
12. ഡീൽ വർക്ക് പ്രോജക്ട്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്
13. ക്രിസ്റ്റൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

പ്രസ്തുത വായ്പകൾക്ക് താഴെ പറയുന്ന നിരക്കിൽ പലിശ ഈടാ ക്കുന്നു.

| | കാലാവധി | പലിശ നിരക്ക് |
|---|---|---|
| കൺസ്ട്രക്ഷൻ ലോൺ | 1-3 വർഷം | 16.00% |
| | 3-5 വർഷം | 16.50% |
| പ്രോജക്റ്റ് ലോൺ | 1-5 വർഷം | 16.00% |
| | 6 വർഷം | 16.25% |
| | 7 വർഷം | 16.50% |
| | 8-10 വർഷം | 17.00 |

സെക്ഷൻ ഓഫീസർ